**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6076** **04.07.2019 ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ഉടമസ്ഥാവകാശം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ തോപ്പുംപടി, പ്യാരി ജംഗ്ഷനിൽ പള്ളിച്ചാൽ റോഡിന് വടക്കുവശം സർവ്വേ നമ്പർ 1743 ൽപ്പെട്ട 8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) വില്ലേജ് റിക്കാർഡുകൾ പ്രകാരം കൊച്ചി താലൂക്ക് രാമേശ്വരം വില്ലേജ് സർവ്വെ നം.1743 ൽപ്പെട്ട 03.44 ആർ (8 സെന്റ്) ഭൂമി റോഡു പുറമ്പോക്കാണ്. ആയതിന്റെ ഉടമസ്ഥാവകാശം കൊച്ചി കോർപ്പറേഷനിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഭൂമി, നിലവിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന 114-ാം നമ്പർ അംഗനവാടിക്കുള്ള കെട്ടിടവും വനിതകൾക്കായുള്ള മുറിയും നിർമ്മിക്കുന്നതിനായി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ടി ഭൂമിയിൽ അംഗൻവാടി നിർമ്മിക്കുന്നതിന് അപേക്ഷ ലഭിച്ചതു പ്രകാരം ആയതിലേക്ക് കൊച്ചി നഗരസഭയുടെ തീരുമാനത്തിനായി തഹസിൽദാർ കത്തു നൽകിയിട്ടുള്ളതാണ്. റോഡ് പുറമ്പോക്ക് വസ്തു റോഡ് വികസനത്തിനു ആവശ്യമില്ലാത്ത പക്ഷം വനിത - ശിശു വികസന വകുപ്പിന് ടി ഭൂമി കൈമാറുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രവും റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവും ബന്ധപ്പെട്ട വകുപ്പിന്റെ ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറ്റ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ